Draft #14 of File 2878/AD AI 2/2018/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 01-Nov-2019 02:05 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 2878/AD AI 2/2018/AD A1 തീയതി: 01.11.2019

**<u>സർക്കുലർ</u>**

വിഷയം:- ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീ, സ്റ്റുഡൻസ് ഇൻഷുറൻസ് പ്രീമിയം, സ്റ്റുഡൻസ് വെൽഫെയർ ഫണ്ട്, യൂണിവേഴ്സിറ്റി യൂണിയൻ ഫീ, സ്പോർട്ട്സ് അഫിലിയേഷൻ ഫീ എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക - നിർദ്ദേശങ്ങൾ സംബന്ധിച്ച്:

സൂചന :- 30.10.2019 തീയതിയിലെ വൈസ് ചാൻസിലറുടെ ചുമതലയുള്ള പ്രൊ-വൈസ് ചാൻസിലറുടെ കുറിപ്പ് നം. വി.സി.702/01/162/2019.

-------

ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീ, സ്റ്റുഡൻസ് ഇൻഷുറൻസ് പ്രീമിയം, സ്റ്റുഡൻസ് വെൽഫെയർ ഫണ്ട്, യൂണിവേഴ്സിറ്റി യൂണിയൻ ഫീ, സ്പോർട്ട്സ് അഫിലിയേഷൻ ഫീ എന്നീ ഇനങ്ങളിൽ ഫീസ് കോളേജുകളിൽ സ്വീകരിക്കുന്നുണ്ടെങ്കിലും, ആയവ സമയബന്ധിതമായും കൃത്യതയോടെയും സർവ്വകലാശാല ഫണ്ടിൽ എത്തിച്ചേരുന്നില്ല. സർവ്വകലാശാലയിക്ക് ലഭിയ്ക്കേണ്ട തനത് വരുമാനത്തിൽ ഉണ്ടാവുന്ന ഇത്തരം ചോർച്ച തടയുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് വൈസ് ചാൻസിലറുടെ ചുമതലയുള്ള പ്രൊ-വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

- 2020-21 വർഷം മുതൽ ക്യാപ് പോർട്ടൽ വഴി ഓൺലൈനായി മുഴുവൻ പണവും സാമ്പത്തിക വർഷാരംഭം തന്നെ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- നിലവിലുള്ള കുടിശ്ശിക സംബന്ധിച്ച ഡി.സി.ബി. ബന്ധപ്പെട്ട സെക്ഷനുകൾ തയ്യാറാക്കേണ്ടതും ഇൻറേണൽ ഓഡിറ്റ് വിഭാഗം പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.
- നിലവിലുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള സമയപരിധി 2019 നവംബർ 30 ആണ്. ഇത് സംബന്ധിച്ച റിപ്പോർട്ട് 2019 ഡിസംബർ 3-നകം ബന്ധപ്പെട്ട സെക്ഷനുകൾ ഇൻറേണൽ ഓഡിറ്റ് വിഭാഗത്തിൻറെ അംഗീകാരത്തിന് വിധേയമായി ലഭ്യമാക്കേണ്ടതാണ്.

ഒപ്പ്

**പ്രേംകുമാർ ആർ**
അസിസ്റ്റൻ്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. എല്ലാ സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സ്കൂളുകൾ/സെൻററുകൾ
2. വൈസ് ചാൻസിലർ /പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷാ/ധനകാര്യം)
5. പബ്ലിക് റിലേഷൻസ് ഓഫീസർ/കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യൂ.എ.സി.
6. സ്റ്റോക്ക് ഫയൽ/ഫയൽകോപ്പി/നോട്ടീസ് ബോർഡ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #14 of File 2878/AD AI 2/2018/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 01-Nov-2019 02:05 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം